TRACT No : SH - 12

# “ഞാൻ ലോകത്തിൽ കേട്ട ഏറ്റവും നല്ല വാർത്ത”

നാം ലോകത്തിൽ ജീവിക്കുമ്പോൾ പല വാർത്തകളും സംഭവങ്ങളും കേൾക്കുകയും കാണുകയും ചെയ്യുന്നു. ആധുനിക വാർത്താവിനിമയ മാദ്ധ്യമങ്ങളിലുണ്ടായ പുരോഗതി ദൂരപരിധിയില്ലാതെ വാർത്തകളും സംഭവങ്ങളും അതിവേഗതയിൽ നമ്മുടെ സമീപം എത്തിക്കുവാൻ സഹായിക്കുന്നു. ഇപ്രകാരമുള്ള ചില വാർത്തകളും സംഭവങ്ങളും ചിലപ്പോൾ നമ്മുടെ ജീവിതത്തെത്തന്നെ മാറ്റിമറിച്ചു രൂപാന്തരപ്പെടുത്താറുണ്ട്.

എന്റെ ജീവിതത്തിലാകമാനം രൂപാന്തരം വരുത്തിയ, ഞാൻ കേട്ട ഒരു നല്ലവാർത്തയുണ്ട്. അത്: പാപിയും, ദോഷിയുമായി നിത്യമരണത്തിനും നിത്യശിക്ഷയ്ക്കും വിധിക്കപ്പെട്ട എന്നെത്തേടി സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്കു മനുഷ്യവേഷമെടുത്തു വന്നു എനിക്കു പകരക്കാരനായി മരിച്ച യേശുക്രിസ്തു എന്ന ദൈവത്തെക്കുറിച്ചുള്ള നല്ല വാർത്തയാണ്. ബൈബിളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. *“ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു ”*(1.തിമൊ.1:15). മതങ്ങളും, മതനേതാക്കളും, ഭരണകർത്താക്കളും, ഗുരുക്കന്മാരും, രാഷ്ട്രീയക്കാരും നല്ലവരുടെ ഉന്നമനത്തിനായി മാത്രം ലക്ഷ്യമിടുന്നു. പാപിയെയും, ദോഷിയെയും, അധർമ്മിയെയും അവർ ഗൗനിക്കുന്നില്ല. എന്നാൽ സകലരെയും ഒരുപോലെ സ്നേഹിക്കുന്ന ഒരു ദൈവം ഉണ്ട് — നമുക്കുവേണ്ടി ജീവൻ തന്ന യേശുക്രിസ്തു. ഈ ദൈവത്തിൽ വിശ്വസിക്കുന്ന ഏവരും രക്ഷപ്രാപിക്കും. അവരുടെ ജീവിതത്തിനും സമൂലപരിവർത്തനം ഉണ്ടാകുന്നു.

യേശുക്രിസ്തുവിന്റെ ഭൂമിയിലുള്ള ജീവിതകാലത്തു ഒരിക്കൽ ഒരു ന്യായശാസ്ത്രി ഇപ്രകാരം ചോദിച്ചു — “ഗുരോ, ഞാൻ നിത്യജീവന്നു അവകാശി ആയിത്തീരുവാൻ എന്തു ചെയ്യേണം?”അവർ തമ്മിലുള്ള സംസാരമദ്ധ്യേ യേശുകർത്താവു ഒരു നല്ല ശമര്യക്കാരന്റെ ഉപമ അവനോടു പറഞ്ഞു: *“ഒരു മനുഷ്യൻ യെരൂശലേമിൽ നിന്നു യെരീഹോവിലേക്കു പോകുമ്പോൾ കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടു; അവർ അവനെ വസ്ത്രം അഴിച്ചു മുറിവേൽപ്പിച്ചു അർദ്ധപ്രാണനായി വിട്ടേച്ചു പോയി. ആ വഴിയായി യദൃച്ഛയാ ഒരു പുരോഹിതൻ വന്നു അവനെ കണ്ടിട്ടു മാറി കടന്നുപോയി. അങ്ങനെ തന്നേ ഒരു ലേവ്യനും ആ സ്ഥലത്തിൽ എത്തി അവനെ കണ്ടിട്ടു മാറി കടന്നുപോയി. ഒരു ശമര്യക്കാരനോ വഴിപോകയിൽ അവന്റെ അടുക്കൽ എത്തി അവനെ കണ്ടിട്ടു മനസ്സലിഞ്ഞു അരികെ ചെന്നു എണ്ണയും വീഞ്ഞും പകർന്നു അവന്റെ മുറിവുകളെ കെട്ടി അവനെ തന്റെ വാഹനത്തിൽ കയറ്റി വഴിയമ്പലത്തിലേക്കു കൊണ്ടുപോയി രക്ഷ ചെയ്തു. പിറ്റെന്നാൾ അവൻ പുറപ്പെടുമ്പോൾ രണ്ടു വെള്ളിക്കാശ് എടുത്തു വഴിയമ്പലക്കാരന്നു കൊടുത്തു; ഇവനെ രക്ഷ ചെയ്യേണം; അധികം വല്ലതും ചെലവിട്ടാൽ ഞാൻ മടങ്ങിവരുമ്പോൾ തന്നുകൊള്ളാം എന്നു അവനോടു പറഞ്ഞു. കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടവന്നു ഈ മൂവരിൽ ഏവൻ കൂട്ടുകാരനായിത്തീർന്നു എന്നു നിനക്കു തോന്നുന്നു? അവനോടു കരുണ കാണിച്ചവൻ എന്നു അവൻ പറഞ്ഞു. യേശു അവനോടു നീയും പോയി അങ്ങനെ തന്നേ ചെയ്ക എന്നു പറഞ്ഞു”*(ലൂക്കൊസ്.10:30–37).

യെരൂശലേം ദൈവത്തിന്റെ നഗരമെന്ന നിലയിൽ സമാധാനപട്ടണമായി അറിയപ്പെടുമ്പോൾ യെരീഹോ ശാപത്തിന്റെയും നാശത്തിന്റെയും പട്ടണമായിരിക്കുന്നു. ഈ രണ്ടു പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വഴി കള്ളന്മാരുടെയും കുലപാതകന്മാരുടെയും താവളമായിരുന്നു. യെരൂശലേമിൽ സമാധാനത്തോടെ കഴിഞ്ഞ ഒരുവൻ ലോകത്തിന്റെ മോഹങ്ങളാൽ ആകർഷിക്കപ്പെട്ടു നാശപട്ടണമായ യെരീഹോവിലേക്കു പോകുന്നു. യാത്രാമദ്ധ്യേ കള്ളന്മാരാൽ ആക്രമിക്കപ്പെട്ടു അർദ്ധപ്രാണനായി കിടക്കുന്ന അവ

[മറുപുറം]

നെകണ്ടിട്ടു അതുവഴിയായി ആദ്യം വന്ന രണ്ടുപേർ സഹായിക്കാതെ മാറിപ്പോകുന്നു. അതിനുശേഷം വന്ന ശമര്യക്കാരനു സ്നേഹവും മനസ്സലിവുമുണ്ടായി അവനെ സഹായിച്ചു രക്ഷിക്കുന്നു.

സന്തോഷത്തിൽ നിന്നു ദുഃഖത്തിലേക്കും, സമാധാനത്തിൽ നിന്നു അസമാധാനത്തിലേക്കും, ജീവനിൽ നിന്നു മരണത്തിലേക്കും, സ്വർഗ്ഗത്തിൽ നിന്നു നരകത്തിലേക്കും, ദൈവത്തിൽ നിന്നു സാത്താനിലേക്കുമുള്ള ഒരുവന്റെ യാത്രയുടെ വിവരണമാണിവിടെ കാണുന്നത്. മാനവജാതിയുടെ ഒരു യാത്രാവിവരണം കൂടിയാണിത്. ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയാൽ ആകർഷിക്കപ്പെട്ടു നിത്യനാശത്തിലേക്കു സഞ്ചരിക്കുന്നു. യാത്രയിൽ കള്ളനും കുലപാതകിയുമായ സാത്താന്റെ കരങ്ങളിലകപ്പെട്ടു പാപത്തിന്റെ മുറിവുകളാൽ ആത്മീകമായി മരിച്ച നിലയിൽ അർദ്ധപ്രാണനായി കിടക്കുന്നു. അതുവഴിയായി വന്ന പുരോഹിതനോ ലേവ്യനോ അവനെ സഹായിക്കാതെ മാറി കടന്നു പോകുന്നു. എന്നാൽ പിന്നീട് വന്ന ശമര്യക്കാരൻ മുറിവേറ്റു മരണത്തിന്റെ വക്കിൽ കിടക്കുന്ന മനുഷ്യന്റെ അടുക്കൽ ചെന്നു എണ്ണയും വീഞ്ഞും പകർന്നു മുറിവുകൾ കെട്ടുകയും തന്റെ വാഹനത്തിൽ കയറ്റി വഴിയമ്പലത്തിലേക്കു കൊണ്ടുപോയി സംരക്ഷിക്കുകയും ചെയ്യുന്നു. വേഗത്തിൽ മടങ്ങിവരാം എന്ന ആശ്വാസവചനവും നൽകുന്നു. പുരോഹിതനും ലേവ്യനും ലോകത്തിലെ മതങ്ങളെയും അതിലൂടെയുള്ള കർമ്മ മാർഗ്ഗങ്ങളെയും കുറിക്കുന്നു. നല്ല ശമര്യക്കാരൻ കർത്താവായ യേശുക്രിസ്തുവിനെ കുറിക്കുന്നു. മതങ്ങൾക്കും കർമ്മമാർഗ്ഗങ്ങൾക്കും അസാദ്ധ്യമായ ആത്മരക്ഷ നല്ല സ്നേഹിതനായ യേശുക്രിസ്തുവിനാൽ സാദ്ധ്യമാകുന്നു എന്ന വസ്തുത ഇവിടെ വെളിപ്പെടുന്നു. യേശുക്രിസ്തു പാപസൗഖ്യവും, സമാധാനവും, നിത്യജീവനും നൽകുന്നു. താമസംവിനാ തന്നിൽ ആശ്രയം വെച്ചവരെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുവാൻ വീണ്ടും വരും.

പ്രിയമിത്രമേ, താങ്കൾക്കു പാപമോചനവും നിത്യസുരക്ഷിതത്വവും ആവശ്യമില്ലേ? യെരീഹോയ്ക്കു തുല്യമായ നിത്യനാശത്തിലേക്കു യാത്ര ചെയ്യുന്ന താങ്കൾ ഈ നിമിഷത്തിൽ താങ്കളുടെ ആശ്വാസദായകനും സ്നേഹിതനുമായ നല്ലരക്ഷകനിൽ ആശ്രയം വെക്കുമോ? പാപിയെ സ്നേഹിക്കുന്ന ഒരു ദൈവം ഉണ്ടെന്ന വാർത്ത നിങ്ങൾക്കു ഏതുമില്ലയോ? ഇപ്പോൾത്തന്നെ സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയായി ദൈവവഴിയിൽ യാത്ര ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ തുടർന്നുള്ള പ്രാർത്ഥന വിശ്വാസത്തോടെ ദൈവത്തോട് അറിയിക്കുക — *“യേശുകർത്താവേ, ഞാൻ പാപത്തിലും പാപവഴിയിലും സഞ്ചരിക്കുകയായിരുന്നു. എന്നെ രക്ഷിപ്പാനായി അങ്ങ് ഈ ലോകത്തിൽ വന്നു. എന്റെ പാപങ്ങൾക്കു പരിഹാരമായി ക്രൂശിൽ മരിച്ചു; അടക്കപ്പെട്ടു; മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ പാപങ്ങൾ ക്ഷമിക്കേണമേ. അങ്ങയെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു. ഇനിമേൽ അങ്ങയെ സ്നേഹിച്ചു ജീവിക്കുവാൻ ഞാൻ തീരുമാനിക്കുന്നു.”*

*യേശുക്രിസ്തുവിലൂടെയുള്ള രക്ഷയെക്കുറിച്ച് കൂടുതൽ അറിയുവാനും സുവിശേഷപുസ്തകങ്ങൾ, ബൈബിൾ (പുതിയനിയമം) എന്നിവ സൗജന്യമായി ലഭിക്കുവാനും, താങ്കൾക്കായി പ്രാർത്ഥിക്കുന്നതിനും ദയവായി താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെട്ടാലും.*

Samson Henry
Zion, Aradhana Nagar - 22
Behind Sanker’s Hospital,
Kollam - 691 001
*(സാംസൺ ഹെൻറി, സീയോൻ, ആരാധന നഗർ –22, കൊല്ലം – 691 001)*
Phone: 0474-2741115, E-mail: biblegoodnews@gmail.com
Web: biblegoodnews.com